ക്രമബദ്ധമായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുള്ള സമരത്തിന്റെ അവിഭാജ്യഘടകമാണ് തിരഞ്ഞെടുപ്പുപരിഷ്കരണത്തിനുള്ള സമരം. നമ്മുടെ രാഷ്ട്രീയ വ്യവസ്ഥിതിയിൽനിന്ന് പണത്തിന്റെ ദുഷ്ഫലങ്ങളെയും പ്രാതിനിധ്യഭരണത്തിൽ പണത്തിന്റെ ദുഷിച്ച സ്വാധീനത്തെയും അകറ്റുന്നതിന് വിനീതമെങ്കിലും സുപ്രധാനമായ ഒരു പ്രയത്നമായിരിക്കും ഈ നിർദേശം എന്ന് ആശിക്കുന്നു' എന്ന വാക്കുകളോടെ രാമറാവു 'തിരഞ്ഞെടുപ്പുപരിഷ്കാരങ്ങൾ' എന്ന ലഘുലേഖ ഉപസംഹരിക്കുന്നു.

രാഷ്ട്രീയം സംശുദ്ധമാകണമെന്നാഗ്രഹിക്കുന്ന ഓരോ കേരളീയനും ഈ ലഘുലേഖ വായിക്കണമെന്ന് ഞാൻ ശുപാർശചെയ്യുന്നു. കേരള നിയമസഭ ഈ ലഘുലേഖയെപ്പറ്റി ചർച്ചചെയ്യണം. ആന്ധ്രപ്രദേശിൽ പ്രാദേശിക സ്വയംഭരണരംഗത്ത് രാമറാവു വരുത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളെങ്കിലും എന്തുകൊണ്ട് ഇവിടെയും വരുത്തിക്കൂടാ? അടിസ്ഥാനജനാധിപത്യത്തെയെങ്കിലും കള്ളപ്പണത്തിന്റെ ദുസ്സ്വാധീനത്തിൽനിന്നു രക്ഷിക്കാൻ നമുക്ക് എന്തുകൊണ്ടു ശ്രമിച്ചുകൂടാ?

എന്തുകൊണ്ട്, മിസ്റ്റർ നായനാർ?

എന്തുകൊണ്ട്, മിസ്റ്റർ കരുണാകരൻ?

(6 നവംബർ, 1987)

# 28. ദരിദ്രമായ രാജ്യം, ധനികരായ മന്ത്രിമാർ

ഭാര്യയില്ലാതെ ഗൃഹസ്ഥാശ്രമം ഇല്ല. മന്ത്രിയില്ലാതെ ജനാധിപത്യവുമില്ല.

നിങ്ങൾക്ക് ഗൃഹസ്ഥൻ ആകണമോ? എന്നാൽ, നിങ്ങൾ ഭാര്യയുടെ ചെലവ് വഹിച്ചേതീരൂ. നിങ്ങൾക്ക് ജനാധിപത്യരാഷ്ട്രത്തിലെ സ്വതന്ത്രപൗരൻ ആകണമോ? എങ്കിൽ നിങ്ങൾ മന്ത്രിമാരുടെ ചെലവും വഹിക്കണം.

ശമ്പളമില്ലാത്ത ജോലിയാണ് ഭാര്യയുടേത്. മന്ത്രിമാരുടെ ജോലി അത്തരത്തിലുള്ളതല്ല. മന്ത്രിമാർക്ക് ശമ്പളമുണ്ട്; അലവൻസുണ്ട്; ദിനബത്തയുണ്ട്; യാത്രാബത്തയുണ്ട്; വീടുണ്ട്; കാറുണ്ട്; ഫോണുണ്ട്; ഔദ്യോഗിക സഹായികൾ ഉണ്ട്; അനൗദ്യോഗിക ഭൃത്യർ ഉണ്ട്; സെക്യൂരിറ്റി ഉണ്ട്; പിന്നെയും പലതും ഉണ്ട്. ഇതിന്റെയൊക്കെ ചെലവു നിങ്ങൾ (അതായത് ജനങ്ങൾ നൽകുന്ന നികുതിപ്പണംകൊണ്ടു സംഭരിച്ച ട്രഷറി) വഹിച്ചേ പറ്റൂ.

ജനാധിപത്യത്തിന് സ്വതന്ത്രപൗരൻ നൽകേണ്ട വില ആണിത്.

ഇപ്പറഞ്ഞതെല്ലാം 'മന്ത്രിമാരുടെ ശമ്പളം' എന്ന സർക്കാർ ചെലവിനത്തിൽപ്പെടുന്നു. നിയമസഭ പാസ്സാക്കിയ ചട്ടങ്ങൾ അനുസരിച്ചാണ് ഈ ചെലവ് എല്ലാം നിർവഹിക്കപ്പെടുന്നത് എന്നാണു വെപ്പ്.

ശമ്പളംപോലെ പ്രധാനപ്പെട്ട ഒരു ചെലവിനം (കിട്ടുന്ന ആളെ സംബന്ധിച്ചിടത്തോളം വരവിനം) ആണ് 'കിമ്പളം'. ഇംഗ്ലീഷിൽ ഇതിനെ 'പെർക്ക്' എന്നു വിളിക്കുന്നു. ബ്രഹ്മത്തെയെന്നപോലെ 'കിമ്പള'ത്തെയും നിർവചിക്കാൻ ആവില്ല. എങ്കിലും അതു് ഉണ്ട്; അതു പലപ്പോഴും വളരെ ബൃഹത്തും ആണ്. ഉദ്യോഗസ്ഥന്മാർക്കെന്നപോലെ മന്ത്രിമാർക്കും 'കിമ്പളം' ഉണ്ട്. നിയമസഭയിൽ അതി

നെപ്പററി ചർച്ചനടക്കാറില്ല. നികുതികൊടുക്കുന്ന നിങ്ങൾ അതിനെപ്പററി അറിഞ്ഞിരിക്കണമെന്നുമില്ല.

പക്ഷേ, ഏതു ദുർഗന്ധവും മണത്തുചെല്ലുന്ന നീണ്ട മൂക്കുകളുള്ള ചില പത്രപ്രവർത്തകർ, ചിലപ്പോൾ ഒരു മന്ത്രിയുടെ കിമ്പളക്കണക്ക് വലിച്ചു പുറത്തിട്ടെന്നിരിക്കും. അതു വായിക്കുമ്പോൾ കുറച്ചുനേരത്തേക്ക് നിങ്ങൾക്ക് അസ്വാസ്ഥ്യം തോന്നിയേക്കും. നിങ്ങളുടെ പരിചയസീമയിൽപ്പെട്ട പാവങ്ങളെ, നിരത്തിലെ കുപ്പയിൽ എച്ചിൽ വാരുന്നതായി ദിവസേന കാണാറുള്ള കുട്ടികളെ, നിങ്ങൾ ഓർത്തെന്നിരിക്കും. സാരമില്ല. നിങ്ങളും 'പൊതുജന'മാണല്ലോ. പൊതുജനത്തിന്റെ ഓർമ ഹ്രസ്വമാണ്. ഏതാനും നിമിഷങ്ങൾക്കകം നിങ്ങൾ ഇതെല്ലാം മറന്നുപോവും.

എന്നാലും ഇന്ത്യയിൽ (ഡെൻമാർക്കിലല്ല) എന്തോ ചീഞ്ഞുനാറുന്നുണ്ടെന്ന ഒരു നേരിയ അസ്വാസ്ഥ്യബോധം നിങ്ങളുടെ മനസ്സിലെവിടെയോ മായാതെ കിടക്കും.

കേന്ദ്ര മന്ത്രിസഭയിൽ സിവിൽ വിമാന യാത്രാവകുപ്പിലെ സ്റ്റേററ് മിനിസ്റ്റർ ആണ് ശ്രീ ജഗദീശ് ടൈററ്ലർ. 'ഇന്ത്യൻ എയർലൈൻസ്' എന്ന ഗവണ്മെൻറുടമയിലുള്ള വിമാനക്കമ്പനിയുടെ ഉപദേശകസമിതിയുടെ ഒരു യോഗത്തിൽ പങ്കെടുക്കാൻ ശ്രീ ടൈററ്ലർ 1987 ജൂൺ 26-ാം തീയതി ബോംബെയിലെത്തി. എയർലൈൻസിന്റെ അതിഥിയായി അദ്ദേഹം 'ഓബറോയ് ടവേഴ്സ്' എന്ന പഞ്ചനക്ഷത്ര ഹോട്ടലിൽ താമസിച്ചു. മന്ത്രിയോടൊപ്പം അദ്ദേഹത്തിന്റെ 'സ്പെഷ്യൽ അസിസ്റ്റൻറും' വേറെ നാലുപേരും ഉണ്ടായിരുന്നു. ഹോട്ടലിൽ വ്യത്യസ്ത നിലകളിലായി ആറു മുറികൾ ഇവർക്കുവേണ്ടി ഒരുക്കിവെച്ചിരുന്നു. രണ്ടു മുറികൾ മന്ത്രി ടൈററ്ലർക്കു മാത്രം ഉള്ളവയായിരുന്നു. രണ്ടു ദിവസം കഴിഞ്ഞ്, ജൂൺ 28-ാം തീയതി മന്ത്രിയും അനുയായികളും സ്ഥലംവിട്ടു. ഈ യാത്രയുടെയും താമസത്തിന്റെയും ചെലവ് മന്ത്രി വഹിച്ചില്ല. എയർലൈൻസ് വഹിച്ചു. മന്ത്രിയുടെ 'കിമ്പള'ത്തിൽപ്പെട്ടതായിരുന്നു ഇത്.

ജൂലൈ 1-ാം തീയതി ഹോട്ടൽ ഭാരവാഹികൾ മന്ത്രിസംഘത്തിന്റെ താമസച്ചെലവു സംബന്ധിച്ച ബില്ല് ഇന്ത്യൻ എയർലൈൻസിനു സമർപ്പിച്ചു. രണ്ടു ദിവസത്തേക്ക് മന്ത്രിയുടെയും സംഘത്തിന്റെയും താമസച്ചെലവ് എത്രയെന്നോ? ഇരുപത്തയ്യായിരത്തി നാനൂറെറൺപത്തെട്ടു രൂപ പതിനഞ്ചു പൈസ! ഇതിൽ മന്ത്രിയുടെയും സ്പെഷ്യൽ അസിസ്റ്റൻറിന്റെയും താമസച്ചെലവ് ഇരുപത്തോരായിരത്തി നാനൂററിനാല്പത്തിനാലു രൂപ ഇരുപതു പൈസയായിരുന്നു. മന്ത്രിയുടെ മാത്രം ചെലവ് പതിനേഴായിരത്തി അഞ്ഞൂററിനാല്പതുരൂപ അറുപതു പൈസ വന്നു; മൂവായിരത്തി തൊള്ളായിരത്തി നാല്പത്തൊന്നുരൂപ അറുപതു പൈസ സ്പെഷ്യൽ അസിസ്റ്റൻറ് ചെലവഴിച്ചു.

തന്റെ രണ്ടു മുറികൾക്കകത്തുവെച്ചു രണ്ടു ദിവസംകൊണ്ട് ഇത്രയേറെ പണം മന്ത്രി എങ്ങനെ ചെലവാക്കി?

മന്ത്രി താമസിച്ചിരുന്ന രണ്ടു മുറികളിൽ ഒന്നിനു ദിവസം ആറായിരം രൂപ എന്ന തോതിലായിരുന്നു വാടക. എയർലൈൻസ് ആ ഹോട്ടലിലെ സ്ഥിരം പററുകാരായതിനാൽ, അവർ നൽകേണ്ട വാടകദിവസം ഒന്നിന് അയ്യായിരം രൂപയാണ്. അപ്പോൾ രണ്ടു ദിവസങ്ങൾക്ക് ഒരു മുറിയുടെ വാടക പതിനായിരം രൂപ. റൂം സർവീസ് (മുറിയിൽ ഭക്ഷണവും മററും എത്തിക്കൽ)വകയിൽ നാലു തവണയായി എഴുനൂററമ്പതുരൂപ

തൊണ്ണൂററഞ്ചു പൈസ, ടങ്ക്കാൾ വകയിൽ നൂറെറഴപത്തിരണ്ടു രൂപ എൺപതു പൈസ, കാപ്പിവകയിൽ ഇരുനൂറെറൺപത്തൊമ്പതു രൂപ എൺപതുപൈസ, ലോക്കൽ ടെലിഫോൺ കാളുകൾ, നികുതി— എല്ലാ മടക്കം ആ മുറിയുടെ ബില്ല് പന്തീരായിരത്തി ഇരുനൂറെറൺപതു രൂപ അഞ്ചു പൈസയായിരുന്നു.

മറേറ മുറിക്കോ? അതിൽ മന്ത്രി ഒരു ദിവസമേ പാർത്തുള്ളൂ. അതിനു വാടക ആയിരത്തിനാല്പതു രൂപ.

ആ മുറിയിൽ ഒരു 'മിനിബാർ' ഉണ്ടു്. വലിയ ഹോട്ടലുകളിലെ ചില മുറികളിൽ, പ്രത്യേകമായുള്ള ഒരു ഫ്രിഡ്ജിൽ, പലതരം മദ്യങ്ങൾ ശേഖരിച്ചുവെച്ചിരിക്കും. ഇതാണു് 'മിനിബാർ'. ഓരോ മദ്യത്തിൻെറയും വില അച്ചടിച്ച കാർഡ് ഒപ്പം ഉണ്ടാവും. നിങ്ങൾക്കു് ഇഷ്ടമുള്ളപ്പോൾ ഫ്രിജ് തുറന്നു് ഇഷ്ടമുള്ള മദ്യം എടുത്തു് ഉപയോഗിക്കാം. ഇടയ്ക്കിടെ ഹോട്ടലിലെ ഒരു ഭൃത്യൻ മുറിയിൽവന്നു് 'മിനിബാർ' തുറന്നുനോക്കുകയും, ഒഴിഞ്ഞ കുപ്പികൾ എടുത്തുമാററി നിറഞ്ഞ കുപ്പികൾ അവയുടെ സ്ഥാനത്തു വെക്കുകയുംചെയ്യും. ഒടുവിൽ, നിങ്ങൾ മുറി വിട്ടുകൊടുക്കുമ്പോൾ, നിങ്ങൾ കുടിച്ചുതീർത്ത മദ്യങ്ങളുടെ വില കണക്കാക്കി ഹോട്ടൽബില്ലിൽ ചേർക്കുന്നു. ഈ 'മിനിബാർ' സൗകര്യം കണക്കാക്കിയാവണം മന്ത്രി തൻെറ ആറായിരം രൂപ വാടകയുള്ള മുറി ഇരിക്കേ,മറേറ മുറിയിൽ ഒരു ദിവസം കഴിച്ചുകൂട്ടിയതു്. മന്ത്രി ഒരു ദിവസം ഈ മുറിയിൽ പാർത്തതിനു് ഇന്ത്യൻ എയർലൈൻസിനു് ഹോട്ടലുകാർ സമർപ്പിച്ച ബില്ല് അയ്യായിരത്തി ഇരുപത്തിരണ്ടു രൂപ അമ്പത്തഞ്ചു പൈസ ആയിരുന്നു. ഇതിൽ 'മിനിബാർ' ഉപയോഗിച്ചവകയിൽ വന്ന ചെലവായി കാണിച്ചിരുന്നതു്, മൂന്നു് ഇനത്തിൽ, രണ്ടായിരത്തിത്തൊള്ളായിരത്തി മുപ്പത്തഞ്ചു രൂപയായിരുന്നു. നാലു തവണയായി 'റൂം സർവീസ്' ഇനത്തിൽ എഴുനൂററിത്തൊണ്ണൂററഞ്ചുരൂപ എൺപതു പൈസ ചേർത്തിരുന്നു.

ഒരു ദിവസംകൊണ്ടു് മന്ത്രി കുടിച്ചുതീർത്ത മദ്യങ്ങൾ എന്തൊക്കെയായിരുന്നു?

മുറിയിൽ മന്ത്രി ജൂൺ 27–ാം തീയതി രാവിലെ 6.52–നു് പ്രവേശിച്ചതായി ഹോട്ടലിലെ കണക്കുകളിൽ കാണുന്നുണ്ടത്രേ. മൂന്നര മണിക്കൂർ കഴിഞ്ഞു്, രാവിലെ 10.30–നു് ഹോട്ടൽജോലിക്കാരൻ 'മിനിബാർ' പരിശോധിച്ചു്,ആയിരത്തി എഴുനൂററി ഇരുപത്തേഴ രൂപ വിലയുള്ള പലതരം മദ്യങ്ങൾ മന്ത്രിയുടെപേരിൽ ചെലവെഴുതി. പെഗ്ഗിനു് തൊണ്ണൂറു രൂപ വിലയുള്ള നാലു പെഗ്ഗ് വിസ്കി,ഓരോന്നിനു് നൂററിപ്പത്തു രൂപ വീതം നാലു കോഞ്ഞ്യാക്, ഓരോന്നിനു് അമ്പത്തഞ്ചു രൂപ വീതം നാലു കമ്പാരി, ഓരോന്നിനു് തൊണ്ണൂറു രൂപ വീതം രണ്ടു ജിൻ, ഓരോന്നിനു് തൊണ്ണൂറു രൂപ വീതം രണ്ടു വോഡ്ക, പിന്നെ തൊണ്ണൂററിരണ്ടു രൂപയ്ക്കു് 'സോഫ്ററ്ഡ്രിങ്ക്'—ഇതെല്ലാം അടങ്ങിയതായിരുന്നു ആ ബില്ല്.

ഇതിനുശേഷം, പിറേറന്നു് (ജൂൺ 28–ാം തീയതി) രാവിലെ 9.55–നു് ആണു് 'മിനിബാർ' പരിശോധിച്ച ജോലിക്കാരൻ മറെറാരു ബില്ല് മന്ത്രിയുടെപേരിൽ എഴുതിയതു്. ഇതിൽ നാലു് 'സോഫ്ററ് ഡ്രിങ്ക്', ഒരു 'മിനറൽവാട്ടർ' എന്നിവയും മുൻപറഞ്ഞതരം മദ്യങ്ങൾക്കുമായി ആകെ ചെലവു കാണിച്ചതു് എണ്ണൂറെറൺപത്തേഴ രൂപയാണു്. രണ്ടു മണിക്കൂർകൂടി കഴിഞ്ഞു് മുന്നൂററി ഇരുപത്തിഒന്നു രൂപയുടെ മറെറാരു മദ്യബില്ലുകൂടി ആ മുറിയിൽ എഴുതപ്പെട്ടു.

മന്ത്രിയുടെ സ്പെഷ്യൽ അസിസ്റ്റൻറിൻെറ രണ്ടു ദിവസത്തെ ഹോട്ടൽബില്ല് മൂവായിരത്തി അഞ്ഞൂറെറാന്നു രൂപയായിരുന്നു. ഇതിൽ

രണ്ടുതവണ ഇരുപത്തെട്ടു രൂപവീതമേ 'മിനിബാർ' ചാർജ് ഉണ്ടായിരുന്നുള്ളു.

ഈ ബില്ലുകളുടെ പണം ഹോട്ടലിന് 'ഇന്ത്യൻ എയർലൈൻസ്' കമ്പനി കൊടുത്തിരിക്കണം. ഈ കമ്പനി പൊതുമേഖലയിലുള്ളതാണ്. യാത്രക്കൂലിയും കടത്തുകൂലിയും പരമാവധി വർദ്ധിപ്പിച്ചതിനുശേഷവും കമ്പനി നഷ്ടമുണ്ടാക്കുകയാണെങ്കിൽ, ട്രഷറിയിൽനിന്ന് ആ നഷ്ടം നികത്തിക്കൊടുത്തുകൊള്ളും. ട്രഷറി കാലിയായാൽ, പലവിധത്തിൽ നിങ്ങളോടു നികുതിപിരിച്ച് അതു വീണ്ടും നിറയ്ക്കാനുള്ള സംവിധാനം നമ്മുടെ ജനാധിപത്യത്തിലുണ്ടുതാനും. അതിനാൽ ഇതിലൊന്നും നാം അസ്വസ്ഥരാകേണ്ടതില്ല.

എങ്കിലും, ചില സുഹൃത്തുക്കളെ ഓർമിക്കുമ്പോൾ മനസ്സിൽ അവ്യക്തമായ ഒരു വേദന നിറയുന്നു. ഈ നാട്ടിൽ മദ്യനിരോധനമോ, ചുരുങ്ങിയതു മദ്യനിയന്ത്രണമെങ്കിലുമോ, നടപ്പിൽ വരുത്താമെന്ന് പ്രൊഫസർ മന്മഥനും പ്രൊഫസർ കുമാരപിള്ളയുംപോലുള്ള ശുദ്ധാത്മാക്കൾ ഇപ്പോഴും വ്യാമോഹിക്കുകയും, കഷ്ടപ്പെട്ടു കൈവന്ന തങ്ങളുടെ വാർദ്ധക്യ വിശ്രമസമയം ആ വ്യാമോഹം സാക്ഷാൽക്കരിക്കാനുള്ള ക്ലേശങ്ങൾക്കായി നീക്കിവെക്കുകയും ചെയ്യുന്നുണ്ടല്ലോ!

(ഈ ലേഖനത്തിലെ വസ്തുതകൾ 1987 ജൂലൈ 25—ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽനിന്നു ശേഖരിച്ചവയാണ്.)

(6 സെപ്റ്റംബർ, 1987)

# 29. ഒരു പുതിയതരം രാഷ്ട്രീയ നേതൃത്വത്തിൻെറ ഉത്ഭവവും വളർച്ചയും

ഒരാൾ രാഷ്ട്രീയ നേതാവാകുന്നതു് എങ്ങനെയാണ്?

രാഷ്ട്രത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗം, ജനതയ്ക്കു നൽകുന്ന സേവനം, അചഞ്ചലമായ ആദർശനിഷ്ഠ, ധീരത, സ്വദേശാഭിമാനം, വ്യത്യസ്തരംഗങ്ങളിൽ കൈവരിച്ച അസാധാരണങ്ങളായ നേട്ടങ്ങൾ മുതലായവയുടെ അടിസ്ഥാനത്തിൽ നേതൃപദവിയിലേക്കുയർന്നവരുണ്ട്. ഇത്തരത്തിൽപ്പെട്ട പല രാഷ്ട്രീയനേതാക്കളും, ഭാഗ്യവശാൽ, ഇപ്പോഴും ഇന്ത്യയിൽ ജീവിക്കുകയും പ്രവർത്തിക്കുകയുംചെയ്യുവരുന്നു.

അച്ഛൻ,അമ്മ,മുത്തച്ഛൻ, മുത്തശ്ശി,അമ്മാവൻ, അമ്മായി മുതലായവരുടെ നേതൃത്വം പാരമ്പര്യമായി പകർന്നുകിട്ടിയവരാണ് മററു ചില രാഷ്ട്രീയനേതാക്കൾ. ഇവരിൽ ചിലർ തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ പൈതൃകം കളഞ്ഞുകുളിക്കുമ്പോൾ, മററു ചിലർ സ്വന്തം യോഗ്യതയാലും അർപ്പണബോധത്തോടെയുള്ള പ്രവർത്തനത്താലും പൈതൃകത്തിന് തിളക്കം വർദ്ധിപ്പിക്കുന്നു.

ജനസേവനത്തിനല്ലാതെ ജനദ്രോഹത്തിനും ജനവഞ്ചനയ്ക്കും സ്വാത്മപൂരണത്തിനുമുള്ള മാർഗമായി നമ്മുടെ നാട്ടിൽ രാഷ്ട്രീയപ്രവർത്തനം പൊതുവേ അധഃപതിച്ചുകൊണ്ടിരിക്കുകയാണല്ലോ. കള്ളക്കടത്തുകാർ, കള്ളവാററുകാർ, കൊള്ളക്കാർ, റൗഡികൾ,വർഗീയവാദികൾ തുടങ്ങിയ സാമൂഹ്യവിരുദ്ധരും, രാഷ്ട്രീയക്കാരും, പോലീസുംചേർന്നുള്ള ഒരു അവിശുദ്ധ—ജനവിരുദ്ധ—മുന്നണി പല പ്രദേശങ്ങളിലും നിലവിൽവന്നി